# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2338 08.05.2017 -ൽ മറുപടിക്ക്

### കായിക അദ്ധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സ്കൂൾ തലങ്ങളിൽ കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ | ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ വരെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ സിലബസ് നിലവിലുണ്ട്. അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ വരെ ആരോഗ്യ കായിക വിദ്യാഭ്യാസ പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി ആക്ടിവിറ്റി ബുക്കും അധ്യാപകർക്കായി ടീച്ചർ ടെക്സ്റ്റും എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ തയ്യാറാക്കി പുറത്തിറക്കിക്കഴിഞ്ഞു. അധ്യാപകരുടെ ടീച്ചർ ടെക്സ്റ്റിൽ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 5 പാഠഭാഗങ്ങളോടൊപ്പം 17 മേജർ ഗെയിമുകളുടെ ഉള്ളടക്കവും ചാക്രികാരോഹണ രീതിയിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ്സ് വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ 17 മേജർ ഗെയിമുകളും കേരള സംസ്ഥാന സ്കൂൾ സ്പോർട്സ് മാനുവൽ അംഗീകരിച്ചിട്ടുള്ളതും സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | |
| ബി | കെ.ഇ.ആർ പരിഷ്കരിച്ച് അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കുറവ് വരുത്തി എല്ലാ സ്കൂളുകളിലും കായിക അധ്യാപകരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി | ഇപ്പോൾ പരിഗണനയിലില്ല. |
| സി | ഹയർസെക്കണ്ടറി സിലബസ്സിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിനും കായിക അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | സി | ഹയർസെക്കണ്ടറി ക്ലാസ്സുകളിൽ ആരോഗ്യകായിക വിദ്യാഭ്യാസ പഠനത്തിനായി നിലവിൽ ആഴ്ചയിൽ രണ്ടു പിരീഡുകൾ നീക്കി വച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി ക്ലാസ്സുകളിലേയ്ക്കു വേണ്ട സിലബസ് തയ്യാറാക്കിയിട്ടുണ്ട്. പുസ്തകങ്ങൾ തയ്യാറാക്കിയിട്ടില്ല. കായികാധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ